നന്നായി പാടുന്നവരും ചിത്രം വരയ്ക്കുന്നവരും പ്രസംഗിക്കുന്നവരും മികച്ച രീതിയിൽ കളിക്കുന്നവരും എഴുത്തുകാരും നമ്മുടെ കൂട്ടത്തിലുണ്ട്. ഏതെങ്കിലും വിധത്തിൽ കഴിവില്ലാത്തവർ ആരുമില്ല.

എല്ലാവർക്കും ഒരേ കഴിവല്ല ഉള്ളത്. ഉള്ളതു തന്നെ പല രീതിയിലാണ്. ചിലർ നന്നായി പാടുമെങ്കിൽ ചിലർക്ക് അത്രയും കഴിയില്ല.

ഈ കഴിവുകളൊക്കെ ദൈവികമാകുന്നു. അതിനെ ഒരിക്കലും നശിപ്പിക്കരുത്. ആ കഴിവുകളെ വളർത്തിയെടുക്കുകയും നല്ല രീതിയിൽ ഉപയോഗിക്കുകയും വേണം. കാരണം, ദൈവം അത് നമ്മിൽ നിക്ഷേപിച്ചത് അതുമുഖേന നാം നന്മ ചെയ്യുന്നതിനാണ്. അതിനെ ചീത്ത മാർഗത്തിൽ ഉപയോഗിക്കുന്നതും പരിപോഷിപ്പിക്കാതെ നശിപ്പിക്കുന്നതും അവൻ പൊറുക്കുകയില്ല.

തന്നിൽ എന്ത് കഴിവുകളുണ്ടെന്ന് നാം ഓരോരുത്തരും സ്വയം കണ്ടെത്തണം. അതിനെ വളർത്തിയെടുക്കാനുള്ള മാർഗങ്ങൾ തേടണം. ജന്മസിദ്ധമാണെങ്കിലും ഉപയോഗിക്കാതിരുന്നാൽ ഈ കഴിവുകളൊക്കെ നശിച്ചുപോകും.

ലോകപ്രശസ്തരായ ഒരുപാട് ആളുകളെ നമുക്കറിയാം. തങ്ങളുടെ കഴിവുകൾ നിരന്തര പരിശീലനത്തിലൂടെ വളർത്തിക്കൊണ്ടുവന്നവരാണ് അവരൊക്കെ.

തന്നിലുള്ള കഴിവുകൾ മറച്ചുവെക്കുന്നവരാണ് പല കുട്ടികളും. സ്കൂളിലെ പരിപാടിയിൽ എന്തെങ്കിലും അവതരിപ്പിക്കാൻ വിളിച്ചാൽ അത്തരം കുട്ടികൾ മടിച്ചു നിൽക്കും. അത് ശരിയല്ല. കിട്ടുന്ന അവസരങ്ങളൊക്കെ ഉപയോഗപ്പെടുത്തണം. എങ്കിൽ മാത്രമേ കഴിവുകൾ വികസിക്കുകയുള്ളൂ. ഒരിക്കലും മടി അരുത്.

എനിക്ക് ഇന്ന കഴിവുണ്ടെന്ന് നമുക്കാണ് അറിയുക. നാം അത് വളർത്തിയെടുക്കുക. പരിശ്രമിച്ചാൽ നമ്മുടെ കഴിവുകളൊക്കെ ഒരു കാലത്ത് പ്രശസ്തമാകും, തീർച്ച. പക്ഷേ, ഈ കഴിവുകൾ നാം എങ്ങനെ ചെലവഴിക്കുന്നു എന്ന് ദൈവം നോക്കിക്കൊണ്ടിരിക്കുന്നു എന്ന കാര്യം നാം മറക്കരുത്.

ഉള്ള കഴിവുകൾ നശിപ്പിക്കാതിരിക്കുക. അത് സമൂഹത്തിന് ഏതെങ്കിലും വിധത്തിൽ ഉപകരിക്കുന്നതായേക്കാം.